നമ്പർ വൈ2/14739/2005

വിദ്യാഭാസ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം
തീയതി 19/10/2005

# സർക്കുലർ

വിഷയം :- 2005-2006 വർഷം മുതൽ ബാലകലോത്സവ / യുവജനോത്സവ / സംസ്കൃതോസവ / അറബിക് സാഹിത്യോത്സവ മത്സരങ്ങൾ നടത്തുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ -

പരാമർശം :-
1. 1998 ൽ നിലവിൽ വന്ന സ്കൂൾ ബാലകലോത്സവ/യുവജനോത്സവ മാനുവൽ
2. ഈ ആഫീസിലെ സർക്കുലർ നമ്പർ വൈ2/51955/99 ഡി.പി.ഐ തീയതി 31.8.99, 27.9.99, 7.10.99, 17.10.99, 12.6.2000 & 28.10.2000
3. ഈ ആഫീസിലെ വൈ2/45135/03 ഡി.പി.ഐ തീയതി 18.8.2003
4. 15.10.2005 ലെ ഗവൺമെന്റിന്റ് എൻ 3/3559/2005 പൊതു വിദ്യാ നമ്പർ കത്ത്

പരാമർശം (1) പ്രകാരം സംസ്ഥാന യുവജനോത്സവ, ബാലകലോത്സവ മാനുവൽ പരിഷ്കരിക്കുകയും പരാമർശം (2) (3) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള കത്തുകൾ പ്രകാരം യുവജനോത്സവ മാനുവലിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത 130/04 നമ്പർ റിട്ട് അപ്പീലിന്മേൽ നിലവിലുള്ള സംസ്ഥാന സ്കുൾ യൂവജനോത്സവ മാനുവലിൽ കാലോചിതമായി വരുത്തേ മാറ്റങ്ങളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച അഡ്വക്കേറ്റ് കമ്മീഷണർ ടി കോടതിയിൽ സമർപ്പിച്ച 4 റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയും വരുന്ന വർഷങ്ങളിൽ യുവജനോത്സവ മാനുവലിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ വേ നടപടികൾ കൈക്കൊള്ളുമെന്നുള്ള സർക്കാരിന്റെ ഉറപ്പിൻമേലും പ്രസ്തുത റിട്ട് അപ്പീൽ 27.6.2005 ൽ തീർപ്പ് കൽപ്പിക്കുകയു ായി. പ്രസ്തുത വിധിന്യായത്തിൽ യുവജനോത്സവ മാനുവലിന്റെ അപാകതകൾ പരിഹരിച്ച് കുറ്റമറ്റതാക്കി തീർക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് ബഹു. കോടതി പ്രത്യാശ പ്രകടിപ്പിച്ചിരുന്നു.

പ്രസ്തുത വിധിന്യായത്തിന്റെ തുടർനടപടിയായി യുവജനോത്സവ മാനുവലിൽ വരുത്തേ മാറ്റങ്ങൾ എന്തെല്ലാമാണെന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിലേയ്ക്കായി ആഗസ്റ്റ് മാസം 22, 23, 24 എന്നീ തീയതികളിൽ എറണാകുളം അദ്ധ്യാപക ഭവനിൽ വച്ച് കലാ സാഹിത്യ സാംസ്ക്കാരിക രംഗങ്ങളിലെ വിദ്ഗ്ധരേയും അഡ്വക്കേറ്റ് കമ്മീഷണറേയും ഉൾപ്പെടുത്തിക്കൊ ് ഒരു ശില്പശാല സംഘടിപ്പിക്കുകയും ആ ശില്പശാലയിൽ വച്ച് സമവായത്തിലെത്തിയ നിർദ്ദേശങ്ങൾ 29.8.2005 ൽ തിരുവനന്തപുരം എം.ജി.പി.ആഫീസിൽ വച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടേയും, വിദ്യാഭ്യാസ ഡയറക്ടറുടേയും സാന്നിദ്ധ്യത്തിൽ കുടിയ അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ പുന : പരിശോധനയ്ക്ക് വിധേയമാക്കുകയും സമവായത്തിലെത്തിയ നിർദ്ദേശങ്ങൾ ഗവൺമെന്റിന്റ് വിശദമായ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയു ായി.

പരാമർശം 4 ൽ പ്രതിപാദിച്ചിരിക്കുന്ന ഗവൺമെന്റ് കത്തു പ്രകാരം 2005-2006 വർഷം മുതൽ യുവജനോത്സവ മത്സരങ്ങൾ നടത്തുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. യുവജനോത്സവം, അറബിക് സാഹിത്യോത്സവം, സംസ്കൃതോത്സവം എന്നിവയെ കേരള സ്ക്കുൾ കലോത്സവം എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു. 2005-2006 സ്കൂൾ വർഷം മുതൽ അറബിക് സാഹിത്യോത്സവം കേരളാ സ്കൂൾ കലോത്സവത്തോടൊപ്പം നടത്തുന്നതായിരിക്കും.

2. സംസ്ഥാന സ്കൂൾ കലോത്സവ മത്സര വിജയികൾക്ക് നൽകി വരുന്ന ഗ്രേസ് മാർക്ക് തുടർന്നും അനുവദിക്കുന്നതായിരിക്കും.

3. സ്കൂൾ തലം മുതൽ സംസ്ഥാന തലം ഉൾപ്പെടെ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാനും ഗ്രേഡിനോടൊപ്പം സ്കോർ ശതമാനം കൂടി ചേർക്കാനും ഏറ്റവും ഉയർന്ന സ്കോർ ശതമാനം ലഭിച്ച കുട്ടിയെ ഉന്നത തലത്തിലുള്ള മത്സരത്തിലേക്കയയ്ക്കേ തും സംസ്ഥാന തലത്തിൽ വിജയിച്ച് ഗ്രേഡ് ലഭിക്കുന്നവർക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് താഴെ പറയുന്ന രീതിയിൽ ഗ്രേഡ് മാർക്ക് നൽകുന്നതും ഗ്രേഡ് വിവരം സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതുമായിരിക്കും.

| സ്കോർ ശതമാനം | ഗ്രേഡ് | അനുവദനീയമായ ഗ്രേഡ് മാർക്ക് |
|---|---|---|
| 75 ന് മുകളിൽ | എ | 30 മാർക്ക് |
| 60 മുതൽ 74 വരെ | ബി | 24 മാർക്ക് |
| 45 മുതൽ 59 വരെ | സി | 18 മാർക്ക് |
| 30 മുതൽ 44 വരെ | ഡി | 12 മാർക്ക് |
| 30 ന് താഴെ | ഇ | 6 മാർക്ക് |

4. ഗ്രേഡ് മാർക്ക് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ പ്രത്യേകം രേഖപ്പെടുത്തുന്നതായിരിക്കും.

5. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഏറ്റവും കൂടുതൽ സ്കോർ ശതമാനം ലഭിക്കുന്ന്തിനനുസരിച്ച് ഒന്നും ര ും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 1000 രൂപ, 800 രൂപ, 600 രൂപ എന്ന നിരക്കിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിനും തുടർന്നും നൽകുന്നതാണ്.

6. ഈ വർഷം മുതൽ കലാതിലകം / കലാപ്രതിഭ പട്ടങ്ങൾ ഉ ായിരിക്കുന്നതല്ല.

7. മെഡിക്കൽ എഞ്ചിനീയറിംഗ് പഠനത്തിന് കലാതിലകം / കലാപ്രതിഭകൾക്ക് സംവരണം ഉ ായിരിക്കുന്നതല്ല.

8. അപ്പീൽ കമ്മിറ്റിയിൽ സാങ്കേതികവും നിയമപരവുമായ കാര്യങ്ങളാണ് പരിഗണിക്കേ ത്. പുനരവതരണവും പുനർമൂല്യനിർണ്ണയവും നടത്തേ തില്ല. അപ്പീൽ ഫയർ ചെയ്യുന്നതിനുള്ള നിശ്ചിത ഫാറവും അപ്പീൽ തീർപ്പാക്കുന്നതിന് കാര്യകാരണ വിശകലന സഹിതമായ നടപടി ഉത്തരവിനുള്ള നിശ്ചിത ഫാറവും ഇതിനോട് അനുബന്ധമായി ചേർത്തിട്ടുള്ളതിൻ പ്രകാരമായിരിക്കണം.

9. അപ്പീൽ തീർപ്പ് അനുകുലമായാലും പ്രതികൂലമായാലും അപ്പീൽ ഫീസ് തിരിച്ചു നൽകുന്നതല്ല.

10. എല്ലാതലത്തിലുള്ള കലോത്സവങ്ങളിലും മത്സരം വിലയിരുത്തുന്നതിന് യോഗ്യരായ വിധികർത്താക്കളുടെ വുപുലമായ പാനൽ തയ്യാറാക്കേ തും സബ്ജില്ലാതലത്തിലുള്ള പാനലിന് വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയും റവന്യൂ ജില്ലാതലത്തിലുള്ളതിന് വിദ്യാഭ്യാസ ഡയറക്ടറുടെയും മുൻകൂർ അംഗീകാരം വാങ്ങേ താണ്.

11. അപമര്യാദയായും അച്ചടക്കമില്ലാതെയും പ്രകോപനപരമായും പ്രവർത്തിച്ചു കലോത്സവം അലങ്കോലമാക്കുവാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കെതിരെ ഉിതമായ ശിക്ഷാനടപടി കൈക്കൊള്ളേ തും അതിനായി പ്രത്യേകമായ അച്ചടക്കസമിതി ഉ ായിരിക്കേ തുമാണ്.

12. പ്രഛന്നവേഷം എന്ന ഇനം ഒഴിവാക്കിയിരിക്കുന്നു.

13. ചാക്യാർകൂത്ത് ആൺകുട്ടികൾക്കുമാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

14. നാദസ്വരം പ്രത്യേക ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നു.

15. ഗിത്താർ വെസ്റ്റേൺ എന്നു നിജപ്പെടുത്തിയിരിക്കുന്നു.

16. ചെ (തായമ്പക) എന്ന ഉപകരണ സംഗീത ഇനത്തിന് അനുസാരി വാദ്യങ്ങൾ ആകാം എന്നാൽ കുട്ടികൾ തന്നെ പങ്കെടുക്കണം (ഒരു ഇലത്താളം, ര ് ഇംതല, ഒരു വലംതല ഇങ്ങനെ നാലുപേർ)

17. കഥാപ്രസംഗം, വിഭാഗം & ലേയ്ക്ക് മാറ്റിയിരിക്കുന്നു. പിന്നണിയിൽ തബല/ട്രിപ്പിൾ/ഹാർമോണിയം / സിംഗിൻസ് ആന്റ് ടൈമിംഗിന് എന്നിവയ്ക്ക് 3 കുട്ടികൾ ആക്രാം.

18. മദ്ദളത്തിന് അനുസാരി വാദ്യമാകാം, എന്നാൽ കുട്ടികളായിരിക്കണം. (ഒരു ഇലത്താളം ഒരു വലംതല ഇങ്ങനെ ര ുപേർ)

19. പദ്യം ചൊല്ലൽ ഇനങ്ങളിൽ ഭാഷാജ്ഞാനം കൂടി പരിശോധിക്കണം.

20. ഭരതനാട്യം കുച്ചുപ്പുടി, മോഹിനിയാട്ടം, കേരള നടനം നാടോടിനൃത്തം, സംഘനൃത്തം എന്നീ നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റിക്കാർഡു ചെയ്ത സി.ഡി/കാസറ്റ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

21. വൃന്ദവാദ്യത്തിനും ഗാനമേളയ്ക്കും ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ വിദഗ്ധരുടെ പരിശോധനയ്ക്കു ശേഷം മാത്രമേ ഉപയോഗിക്കാവൂ.

22. വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടി പരമാവധി 5 ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ. (ഇത് എൽ.പി, യു.പി., എച്ച്.എസ്., റ്റി.റ്റി.ഐ., പി.പി.റ്റി.റ്റി.ഐ. എന്നിവയ്ക്കെല്ലാം ബാധകമായിരിക്കും).

23. വിഭാഗം 2-ൽ ശാസ്ത്രീയസംഗീതം, കഥകളി സംഗീതം, എന്നിവ വിഭാഗം 2 (എ) ആയും മാപ്പിളപ്പാട്ട്, ലളിതഗാനം എന്നിവ വിഭാഗം 2 (ബി) ആയും വേർതിരിച്ചിരിക്കുന്നു. ലളിതഗാനത്തിന് ശ്രുതി പാടില്ല. എന്നാൽ ദേശഭക്തി ഗാനത്തിന് ശ്രുതി ഉപയോഗിക്കാവുന്നതാണ്.

24. വിഭാഗം 4ൽ ഓട്ടൻതുള്ളൽ എന്ന ഇ്നം ഓട്ടൻതുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നിവയിൽ ഏതെങ്കിലും ഒന്ന് ആക്രാം. എന്നാൽ ഒന്നചന്റ മാത്രമേ ഒരു കുട്ടി പങ്കെടുക്കാവൂ.

25. കഥകളിഗ്രൂപ്പിൽ കുറഞ്ഞത് 2 പേരും കൂടിയത് 4 പേരുമായി നിജപ്പെടുത്തിയിരിക്കുന്നു.

26. സ്കൂൾ കലോത്സവത്തിൽ ഉപജില്ലയിലേയ്ക്ക് വ്യക്തിഗത ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ് അയയ്ക്കേ ത്.

| | |
|---|---|
| വിഭാഗം 1 | 4 ഇനം |
| വിഭാഗം 2 (എ) | 2 ഇനം |
| വിഭാഗം 2 (ബി) | 2 ഇനം |
| വിഭാഗം 3 | 3 ഇനം |
| വിഭാഗം 4 | 2 ഇനം |
| വിഭാഗം 5 | 3 ഇനം |
| വിഭാഗം 6 | 3 ഇനം |
| വിഭാഗം 7 | 3 ഇനം |
| വിഭാഗം 8 | 2 ഇനം |

27. എൽ.പി വിഭാഗത്തിൽ 13 വ്യക്തിഗത ഇനങ്ങളിൽ 9 ഇനത്തിലും 3 ഗ്രൂപ്പിനങ്ങളിൽ 2 ഇനങ്ങളിലും ഉപജില്ലാതലത്തിൽ പങ്കെടുക്കണം.

28. യു.പി വിഭാഗത്തിൽ 19 വ്യക്തിഗത ഇനങ്ങളിൽ 12 ഇനങ്ങളിലും 6 ഗ്രൂപ്പിനങ്ങളിൽ 3 ഇനങ്ങളിലും ഉപജില്ലാതലത്തിൽ പങ്കെടുക്കണം.

29. അറബി പദ്യപാരായണം അറബി സാഹിത്യോത്സവത്തിലും ഉള്ളതിനാൽ അറബി സാഹിത്യോത്സവത്തിൽ പദ്യപാരായണ മത്സരത്തിൽ പങ്കെടുക്കുന്നവരെ സ്കൂൾ കലോത്സവത്തിലെ അറബി പദ്യപാരായണത്തിൽ പങ്കെടുപ്പിക്കുവാൻ പാടില്ല.

30. ഹിന്ദി പ്രസംഗ മത്സരം കൂടി വിഭാഗം 6 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

31. റ്റി.റ്റി.ഐ കലോത്സവത്തിൽ നിന്ന് മിമിക്രി, നാടോടി നൃത്തം, ഒപ്പന, തിരുവാതിരക്കളി, നാടകം എന്നിവയും പി.പി.റ്റി.റ്റി.ഐ യിൽ നിന്ന് മിമിക്രി, നാടോടിനൃത്തം, ഒപ്പന, തിരുവാതിരക്കളി, നാടകം അദ്ധ്യാപന മത്സരങ്ങൾ എന്നിവയും ഒഴിവാക്കിയിരിക്കുന്നു.

32. കേരളാ സ്കൂൾ കലോത്സവം സംബന്ധിച്ച കണക്കുകൾ കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം തീർപ്പാക്കി ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കേ  താണ്.

33. മോണോ ആക്ട് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വെറെ മത്സരം ഉ  ായിരിക്കുന്നതാണ്.

34. മിമിക്രി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വെറെ മത്സരം ഉ  ായിരിക്കുന്നതാണ്.

35. ഒപ്പന മത്സരം ആൺകുട്ടികൾക്കു കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

36. റ്റി.റ്റി.ഐ, പി.പി.റ്റി, റ്റി.ഐ കലോത്സവങ്ങൾ സംസ്ഥാന കലോത്സവത്തിൽ നിന്നും വേർപ്പെടുത്തി 2006-07 അദ്ധ്യയന വർഷം മുതൽ ദേശീയ അദ്ധ്യാപകദിനാചരണത്തോടനുബന്ധിച്ചായിരിക്കും നടത്തുക.

37. അറബിക് സാഹിത്യോത്സവ മാനുവലിലെ എൽ.പി വിഭാഗത്തിൽ ഇനം ര  ും യു.പി. വിഭാഗത്തിൽ ഇനം ഒന്നും ര  ും ഒഴിവാക്കിയിരിക്കുന്നു.

വിദ്യാഭ്യാസ ഡയറക്ടർക്കുവേ  1

**എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും**
**ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**
**ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർക്കും**

## അനുബന്ധം - I

### <u>മാതൃകാഫാറം</u>

### കേരളാ സ്കൂൾ കലോത്സവം 2005-06
### അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫാറം

1. കുട്ടിയുടെ പേര് :
2. സ്കൂളിന്റെ പേര് :
3. ജില്ലയുടെ പേര് :
4. പങ്കെടുത്ത ഇനം :
5. വേദിയുടെ പേരും നമ്പരും :
6. ഇജിസ്റ്റർ നമ്പർ :
7. കോഡ് നമ്പർ :
8. മത്സരത്തിൽ ലഭിച്ച സ്ഥാനം :
9. മത്സരം നടന്ന തീയതിയും സമയവും :
10. വിധി പ്രഖ്യാപനം നടത്തിയ തീയതിയും സമയവും :
11. അപ്പീൽ സമർപ്പിക്കാനു ായ കാരണം :

12. മത്സരാർത്ഥിയുടെ പേര് :
13 ടീം മാനേജരുടെ ഒപ്പ് :
14. അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും :

---

### <u>ആഫീസ് ഉപയോഗത്തിന്</u>

1. അപ്പീൽ നമ്പർ :
2. അപ്പീൽ ഫീസിന്റെ രസീത് നമ്പറും തീയതിയും :
3. അപ്പീൽ കേൾക്കുന്നതിനുള്ള സമയം :
4. റിമാർക്സ് :

ഒപ്പ്
ചെയർമാൻ അപ്പീൽ കമ്മറ്റി

## അനുബന്ധം - II

**<u>മാതൃകാഫാറം</u>**

**കേരളാ സ്കൂൾ കലോത്സവം 2005-06**
**അപ്പീൽ തീർപ്പാക്കിക്കൊ    ുള്ള നടപടി ഉത്തരവ്**

വിഷയം :

സൂചന :

ഉത്തരവ് നം : ...................................................................................... തീയതി ..................................................

മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം

കാര്യകാരണ വിശകലന റിപ്പോർട്ട്

......................................................................................................................................................................
അപ്പീലിന്മേലുള്ള തീരുമാനം

ഒപ്പ്
ചെയർമാൻ, അപ്പീൽ കമ്മറ്റി

മത്സരാർത്ഥിയുടെ പേരും അഡ്രസ്സും